# ശ്രീനാരായണ യു. പി. സ്കൂൾ പള്ളിയാട്

## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26



# ഉള്ളടക്കം


- ആമുഖം
- ലക്ഷ്യങ്ങൾ
- അവസ്ഥാ പഠനം
- ഭൗതിക സാഹചര്യങ്ങൾ
- അധ്യാപകർ
- സാമൂഹ്യ ഇടപെടലുകൾ
- ഹ്രസ്വകാല ദീർഘകാല ലക്ഷ്യങ്ങൾ
- പ്രവർത്തന കലണ്ടർ ( ഹ്രസ്വകാല ദീർഘകാല ലക്ഷ്യങ്ങൾ)
- വാർഷിക കലണ്ടർ
- മാസ്റ്റർ പ്ലാൻ -എൽപി

  മലയാളം, ഇംഗ്ലീഷ്, ഗണിതം ,പരിസര പഠനം.
- മാസ്റ്റർ പ്ലാൻ യു.പി.

  മലയാളം, ഇംഗ്ലീഷ് ,ഹിന്ദി, സംസ്കൃതം, ഗണിതം, അടിസ്ഥാനശാസ്ത്രം ,സോഷ്യൽ സയൻസ്.

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025- 26

## ആമുഖം

കേരളത്തിലെ പൊതുവിദ്യാലയങ്ങളെ മികവിന്റെ പഠനകേന്ദ്രങ്ങൾ ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇതിന്റെ ഭാഗമായി വിദ്യാഭ്യാസ രംഗത്ത് നിരവധി മാറ്റങ്ങൾ പ്രകടമാണ്. ഒരു വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും പഠന പുരോഗതിയും സമഗ്ര വികാസവും ഉറപ്പാക്കുന്നതിന് അക്കാദമിക ആസൂത്രണം വിവിധ തലങ്ങളിൽ നടക്കേണ്ടതുണ്ട്. സ്കൂൾതല അക്കാദമിക മാസ്റ്റർ പ്ലാൻ ഒരു പൊതുവായ ചട്ടക്കൂടാണ്. ഇത് വിദ്യാലയത്തിന്റെ കാഴ്ചപ്പാടും അക്കാദമിക ലക്ഷ്യങ്ങളും വിഭവ വിനിയോഗവും പ്രവർത്തന പരിപാടികളും ഉൾക്കൊള്ളുന്നു.

2025 26 അക്കാദമിക വർഷം സമഗ്ര ഗുണമേന്മ വർഷമാണ്. വിദ്യാഭ്യാസ ഗുണമേൻമ ഉയർത്തുന്നതിനും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രവർത്തന പദ്ധതി കൂടുതൽ മികവോടെ ഈ വർഷം നടപ്പാക്കുകയാണ്. ഗുണമേൻമയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ്. മികവ് എന്നാൽ അക്കാദമിക മികവാണ്. അക്കാദമിക മികവിന്റെ കാര്യത്തിൽ കുറേക്കൂടി മുന്നേറാൻ നമുക്ക് കഴിയണം. ഇതിന്റെ ഭാഗമായാണ് സമഗ്രഗുണമേൻമ വർഷമായി പരിഗണിക്കുന്നത്. ഓരോ കുട്ടിയും അതാത് ക്ലാസ്സിൽ നേടേണ്ട പാഠ്യ പദ്ധതി വിഭാവനം ചെയ്യുന്ന പഠനലക്ഷ്യങ്ങൾ ആർജിച്ചു മുന്നേറണം. കുട്ടികളുടെ സമഗ്രവികാസത്തിൽ ശാരീരിക, ബൗധിക, മാനസിക, വൈകാരിക സാമൂഹിക ഘടക വികാസ മേഖലകളുടെ ശാസ്ത്രീയവും പ്രായത്തിനനുഗുണമായ വളർച്ചയുമാണ് ലക്ഷ്യം വയ്ക്കുന്നത്. അറിവെന്നാൽ പാഠപുസ്തകങ്ങളിൽ നിന്ന് മാത്രം ലഭിക്കുന്ന ഒന്നായി പരിമിതപ്പെടുത്തുവാൻ കഴിയില്ല. പാഠപുസ്തകത്തിലെ വിവരങ്ങൾ കുട്ടിയുടെ ചിന്താമണ്ഡലത്തിൽ വിവേകത്തിന്റെയും ചിന്തയുടെയും സ്ഫുരണങ്ങൾ സൃഷ്ടിക്കണം. ജീവിതം കെട്ടിപ്പടുക്കുക എന്നതാവണം പഠനത്തിന്റെ ലക്ഷ്യം. അതിന് അറിവ് മാത്രം മതിയാകില്ല . വിവേകം വിവേചനബുദ്ധി,സഹജീവി സ്നേഹവും വിമർശനാത്മക ബുദ്ധിയും എല്ലാം കുട്ടികളിൽ അങ്കുരിക്കുകയും വികസിക്കുകയും വേണം. ആ നിലയിലേക്ക് കുട്ടികളുടെ ചിന്താശേഷിയെ വളർത്താനും വികസിപ്പിക്കാനും കഴിയേണ്ടതുണ്ട്.

ലക്ഷ്യങ്ങൾ.

- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയ അന്തരീക്ഷവും പഠന പ്രവർത്തനങ്ങളും അങ്ങേയറ്റം ആസ്വാദ്യകരമാക്കുക.
- എല്ലാ വിദ്യാർത്ഥികളുടെയും പൂർണമായ് പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- കലാ,കായിക, പ്രവൃത്തി പരിചയങ്ങൾ,യോഗ, വ്യക്തിത്വ വികസനം. ഇംഗ്ലീഷ് ഭാഷാ നൈപുണി എന്നിവയിൽ സജീവമായി പങ്കെടുക്കുവാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുക.
- ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനായി ലൈബ്രറി,ശാസ്ത്ര പരീക്ഷണങ്ങൾ നടത്തുന്നതിനുള്ള ലബോറട്ടറി,കമ്പ്യൂട്ടർ പരിജ്ഞാനം എന്നിവ എല്ലാ കുട്ടികൾക്കും ലഭ്യമാക്കുക അതുപോലെ പരമാവധി പ്രയോജനപ്പെടുത്തുക
- കായിക ഉന്നമനത്തിനായി കളിസ്ഥലങ്ങൾ നവീകരിക്കുക അവ പ്രയോജനപ്പെടുത്തുക.
- വിദ്യാലയത്തിനു വെളിയിലുള്ള മത്സരവേദികളിൽ നമ്മുടെ കുട്ടികളെ പങ്കെടുപ്പിക്കുവാൻ ഓരോ അധ്യാപകരും ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ നിരന്തരം അറിവുകൾ ശേഖരിച്ചു നല്കുവാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- ഓരോ വിദ്യാർത്ഥിയെയും അവരുടെ ജീവിത സാഹചര്യങ്ങളെയും പൂർണമായി മനസ്സിലാക്കുവാൻ ഭവനസന്ദർശനം,വ്യക്തിഗത ചർച്ചകൾ.അഭ്യോഷം മുതലായവയിൽ അധ്യാപകർ പങ്കാളികളാവുക.
- പ്രത്യേക പരിഗണന അർഹിക്കുന്ന,പാർശ്വവത്ക്കരിക്കപ്പെടുന്ന കുട്ടികളെ അക്കാദമിക ഗുണനിലവാരം ഉയർത്തുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്ത് ഉൾപ്പെടുത്തുക.

## അവസ്ഥാപഠനം

പഠനാന്തരീക്ഷം ആസ്വാദ്യകരമാക്കുക.

- എല്ലാ കുട്ടികളെയും ശ്രദ്ധിക്കാവുന്ന തരത്തിൽ ക്ലാസ് മുറി സജ്ജീകരിക്കുക.
- ആൺ പെൺ വ്യത്യാസമില്ലാതെ ഓരോ വ്യക്തിയായി വിദ്യാർത്ഥികളെ പരിഗണിക്കുക.
- ദിവസവും ഓരോരുത്തർക്കുമായി ടാസ്കുകൾ നൽകുക.
- ഗ്ലോബ് ,മാപ്പുകൾ ,ടെസ്റ്റ് ട്യൂബുകൾ ,ഗണിത നിർമ്മിതികൾ മുതലായ പഠനോപകരണങ്ങൾ ക്ലാസ് മുറികളിൽ എത്തിച്ച് പരിചയപ്പെടുവാനുള്ള അവസരം .നൽകുക .
- ക്ലാസ് മുറിക്ക് പുറത്തുള്ള പൂന്തോട്ട പരിപാലനം,, പരിസര ശുചിത്വം മുതലായവയിൽ എല്ലാവരെയും പങ്കെടുപ്പിക്കുക
- കായിക ഇനങ്ങൾ വിവിധ ഗ്രൂപ്പുകളായി ഹൗസുകളായി ആരോഗ്യപരമായ മത്സരങ്ങളായി നടത്തുക .(സ്പോർട്സ് ഡേ )
- പഠന മേഖലയുമായി ബന്ധപ്പെട്ട ചിത്രപ്രദർശനം, വീഡിയോകൾ സിനിമകൾ മുതലായവ ലഭ്യമാക്കുക
- ഓരോ ക്ലബ്ബുകളും സജീവമായ പ്രവർത്തനങ്ങൾ ആഴ്ചാവസാനമുള്ള ഒരു മണിക്കൂർ സമയം കണ്ടെത്തി എല്ലാവർക്കും മുന്നിൽ പ്രദർശിപ്പിക്കുക.
- നവംബർ 14 എൽ.കെ.ജി.യു.കെ.ജി എൽ.പി കലോത്സവമാക്കുക
- ടോയ്‌ലറ്റുകളിൽ പോകുന്നതിന് ഒന്നര മീറ്റർ വീതിയിൽ നടപ്പാത നിർമ്മിക്കുക.

## സാമൂഹ്യ ഇടപെടലുകൾ

- വിദ്യാലയത്തിന്റെ വികസനോന്മുഖമായ ചുവടുവയ്പ്പുകൾക്ക് സാമൂഹികമായ ഇടപെടലുകൾ നേടേണ്ടതായിട്ടുണ്ട്.
- പൂർണ്ണപങ്കാളിത്തത്തോടെയും സജീവമായിട്ടും പ്രവർത്തിക്കുന്ന എസ്. എം. സി.
- സക്രിയമായി പ്രവർത്തിക്കുന്ന എസ്. എം. സി.
- സ്കൂൾ ആഘോഷവേളകളിൽ ഓരോ ക്ലാസ്സിനെയും പ്രതിനിധീകരിച്ചു കൊണ്ടുള്ള മദർ പി. റ്റി. എ യുടെ പരിപൂർണ്ണമായ സഹകരണം സാധ്യമാക്കുക.
- പക്ഷപാതമില്ലാതെ, ലഭ്യമായ മനുഷ്യ വിഭവശേഷി ഉൾപ്പെടുത്തി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് സാമ്പത്തികമുൾപ്പെടെയുള്ള സഹായങ്ങൾ നേടിയെടുക്കുക.
- "എന്റെ വീട് ഒരു കൃഷിത്തോട്ടം" എന്ന പദ്ധതിയുമായി ബന്ധപ്പെട്ട കൃഷി വകുപ്പ്, മൃഗസംരക്ഷണവകുപ്പ്, മത്സ്യഫെഡ്, ക്ഷീരവികസന വകുപ്പ് എന്നിവകളെ സംയോജിപ്പിച്ച് വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- സന്നദ്ധ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരെ സ്കൂളുമായി ബന്ധിപ്പിച്ചു നിർത്തുക.
- വിവിധ ധനകാര്യ സ്ഥാപനങ്ങൾ, സാമ്പത്തിക ശേഷിയുള്ള വ്യക്തികൾ ഇവരുടെ സഹായത്തോടെ പഠനോപകരണം, പ്രഭാത ഭക്ഷണം, പത്രം, മിത്രവനം പദ്ധതി ഇവകളിൽ പങ്കാളികളാക്കുക.
- പ്രതിഭകളുമായി സംവദിക്കൽ - ഉന്നത വിജയം നേടിയവർ ഉദ്യോഗസ്ഥർ, അവാർഡു കിട്ടിയവർ എന്നിവരെ വിളിച്ച് അവസരം സൃഷ്ടിക്കുക.

## ഹ്രസ്വകാല ദീർഘകാല ലക്ഷ്യങ്ങൾ

### ഹ്രസ്വകാലം

1. മനോഹരമായ പൂന്തോട്ട നിർമ്മാണം, ജൈവവൈവിദ്യ ഉദ്യാനം
2. കളിസ്ഥലം അനുയോജ്യമാക്കൽ
3. കളി ഉപകരണങ്ങൾ സംഘടിപ്പിക്കുക.
4. വാട്ടർ കൂളർ ലഭ്യമാക്കുക.
5. ഐ.സി.റ്റി. ക്ലാസ്സ് മുറികൾ ലഭ്യമാവുക
6. ബോധവത്കരണ ക്ലാസ്സുകൾ, സെമിനാറുകൾ
7. വായനാപരിപോഷണം - കുഞ്ഞുവായന, അമ്മ വായന, സഭാവായന

### ദീർഘകാലം

1. അടച്ചുറപ്പുള്ള ക്ലാസ്സ് മുറികൾ നിർമ്മിക്കുക.
2. ഓപ്പൺ സ്റ്റേജ് നിർമ്മാണം.
3. ലബോറട്ടറി, ലൈബ്രറി, കെട്ടിട നിർമ്മാണം
4. ജൂബിലി കമാനം നിർമ്മിക്കുക.
5. 2 കുട്ടികൾക്കിരിക്കാവുന്ന സ്റ്റഡി ടേബിളും ഡ്രോയറും.
6. മിത്ര ഭവനം - എൽ. കെ. ജി, യു. കെ. ജി 1, 2 ക്ലാസ്സിലെ ഒരു കുട്ടിക്ക് വീട് നിർമ്മിക്കുന്നതിനുള്ള സഹായം.

## പ്രവർത്തന കലണ്ടർ

### ഹ്രസ്വകാല ദീർഘകാല ലക്ഷ്യങ്ങൾ

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. | പൂന്തോട്ട നിർമ്മാണം | ജൂൺ-ജൂലൈ | അധ്യാപകർ | എസ്.എസ്.എ |
| 2. | കളിസ്ഥലം അനുയോജ്യമാക്കൽ | ജൂൺ-ജൂലൈ | മാനേജർ | മാനേജർ |
| 3. | കളി ഉപകരണങ്ങൾ, കെ ജി പാർക്ക് | ജൂൺ-ജൂലൈ | പി റ്റി എ | പി റ്റി എ |
| 4. | വാട്ടർ കളർ | ആഗസ്റ്റ് | സംഘടനാ സ്ഥലം | സംഘടനാ സ്ഥലം |
| 5. | ഐ സി റ്റി ക്ലാസ്സ് മുറികളിൽ | ജൂൺ-സെപ്തംബർ | അധ്യാപകർ | അധ്യാപകർ |
| 6. | ബോധവത്ക്കരണ ക്ലാസ്സ് | ജൂൺ-മാർച്ച് | വിവിധ വകുപ്പുകൾ | വിവിധ വകുപ്പുകൾ |
| 7. | അടച്ചുറപ്പുള്ള ക്ലാസ്സ് മുറി | | മാനേജർ | മാനേജർ |
| 8. | ലബോറട്ടറി, ലൈബ്രറി | ജനുവരി-മെയ് | എംഎൽഎ, എംപി | എംഎൽഎ, എംപി |
| 9. | ഓപ്പൺസ്റ്റേജ് | 2025-2026 | മാനേജർ | മാനേജർ |
| 10. | പ്രധാന ഗെയ്റ്റ് | 2025-2026 | പൂർവ്വ വിദ്യാർത്ഥി സംഘടന | പൂർവ്വ വിദ്യാർത്ഥി സംഘടന |
| 11. | രണ്ട് കുട്ടികളിരിക്കുന്ന ഡ്രോയർ സ്റ്റഡി ടേബിൾ | 2025-2026 | വ്യക്തിഗത സ്പോൺസർ | വ്യക്തിഗത സ്പോൺസർ |
| 12. | മിത്രവനം | 2025-2026 | മാനേജർ<br>പി റ്റി എ<br>അധ്യാപകർ | മാനേജർ<br>പി റ്റി എ<br>അധ്യാപകർ |

# അക്കാദമിക മാസ്റ്റർപ്ലാൻ എൽ പി

## മലയാളം

ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്തഡയറി സചിത്രപുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകളിൽ കുട്ടികൾ മികവ് കൈവരിക്കേണ്ടതായിട്ടുണ്ട്.അക്കാദമിയെ നേട്ടങ്ങൾ കൈവരിക്കുന്നതോടൊപ്പം ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്.വിവിധതരം പ്രവർത്തനങ്ങൾ ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കി ഗുണമേന്മയുള്ള ഒരു അക്കാദമിക വർഷം മുന്നിൽ കണ്ടു കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

ലക്ഷ്യങ്ങൾ

- ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും കഴിവുള്ളവരാക്കുക
- സ്വതന്ത്ര രചനയിലേർപ്പെടുക
- വിവിധ വ്യഹാര രൂപങ്ങളിലൂടെ ആശയം പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക
- സർഗാത്മ രചനകൾ നടത്തുക
- സംയുക്ത ഡയറി സചിത്ര പുസ്തകങ്ങൾ എന്നിവ തയ്യാറാക്കാൻ പ്രാപ്തരാക്കുക

## Academic master plan L P

### English

The main aim of English learning is increasing the ability to speak, read and write effectively For that we need to give our children opportunity to listen good English. To acquire this, the following activities introduce in our school .

| Aim | Activities | Time | Duty |
|---|---|---|---|
| Increasing the ability to listen , speak ,read and write | School assembly<br>reading corner<br>creating situations in classroom<br>English club activity | 1 year | Class teacher |
| To write English without error | English diary<br>notes<br>letters to friends, teachers, parents etc | 1year | Class teacher |
| Reading | classroom activities<br>class library<br>reading test | 1 year | Class teacher |
| Creativity development and writing<br><br>English fest | Rymes, action song<br>story telling<br>story writing<br>conversation<br>class magazine<br>drama, skit<br>competitions<br>reading, writing.<br>Skit, drama, speech | 1 year | Class teacher |

## പരിസര പഠനം LP

കുട്ടികളിൽ അന്തർലീനമായിരിക്കുന്ന വ്യക്തിഗത പ്രവർത്തനങ്ങളിൽ തന്നെയാണ് കൂടുതൽ സാധ്യതകൾ ഒരുക്കേണ്ടത്. പരിസര പഠനവുമായി ബന്ധപ്പെട്ട് കുട്ടികളിൽ ശാസ്ത്രബോധം വളർത്തുന്നതിനായി പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നു. ഇതിലൂടെ സഹജീവി സ്നേഹം,ആർദ്രത,സഹിഷ്ണുത,അനുകമ്പ,ദയ എന്നീ മനോഭാവങ്ങൾ വളർത്തി കുട്ടികളെ ഉത്തമ പൗരന്മാരാക്കി മാറ്റുക.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക | സസ്യങ്ങളെ തരംതിരിക്കൽ | ജൂൺ | അധ്യാപിക |
| | പ്രകൃതി നടത്തം പാടം | ജൂലൈ | |
| | ജൈവവൈവിധ്യ ഉദ്യാനം | | |
| ജൈവവൈവിധ്യ ഉദ്യാന സംരക്ഷണം | മണ്ണ് ജലം വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ | ആഗസ്റ്റ് സെപ്തംബര് | |
| പ്രകൃതി സംരക്ഷണം | മഴക്കുഴി നിർമ്മാണം | | |
| | വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച ഹരിതകർമസേനക്ക് കൈമാറൽ | | |
| | പോസ്റ്റർ നിർമ്മാണം | | |
| പരിസര ശുചിത്വം | ശുചിത്വ സന്ദേശങ്ങൾ വിദ്യാലയങ്ങളിലെ വിവിധ ഇടങ്ങളിൽ | | |
| | പക്ഷി നിരീക്ഷണം ഫീൽഡ് ട്രിപ്പ് | ജൂൺ -മാർച്ച് | |
| ശാസ്ത്രകൗതുകം വളർത്തുന്ന പരീക്ഷണങ്ങൾ ഏർപ്പെടുന്നതിന് | വിവിധ പരീക്ഷണങ്ങളിൽ ഏർപ്പെടൽ | | |

# ഗണിതം

**പ്രവർത്തനം :** 1
**പേര്** : ഗണിത വർക്ക് ഷീറ്റ് ശില്പ ശാല
**ഉപമേഖല** : വർക്ക്ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക. | എല്ലാ ക്ലാസ്സ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ | SSG |

**പ്രവർത്തനം :** 2
**പേര്** : ഗണിതലാബ് (ഗണിതമധുരം)
**ഉപമേഖല** : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക. | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ | ജൂൺ | സ്കൂൾ മാനേജ്മെന്റ് |

**പ്രവർത്തനം :** 3
**പേര്** : ഗണിതമൂല
**ഉപമേഖല** : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കൽ (മഞ്ചാടി, കളിനോട്ട് കാർഡുകൾ തുടങ്ങിയവ) | ജൂൺ | ക്ലാസ്സ് ടീച്ചർ |

# മേഖല യു.പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) **5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ.** ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷര ങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) **ഹിന്ദി വായന:** തെറ്റു കൂടാതെ ഹിന്ദി വായിക്കു വാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) **ഹിന്ദി സംസാരം:** ഹിന്ദി യിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാ രിക്കാനുള്ള ഭാഷ പരിചയ പ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്...........<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധ യോടെ അത് ശരിയാക്കി വായിക്കും.<br>**Readery fight** മത്സരവായന തെറ്റാതെ ആവർത്തി ക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

## സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അക്ഷര പരിചായനം<br><br>സംസ്കൃത അക്ഷരങ്ങൾ പരിചയപ്പെടുക മുൻ ക്ലാസുകളിൽ പഠിച്ച വാക്കുകൾ ഓർമ്മിക്കുക | രണ്ടുമൂന്ന് അക്ഷരങ്ങൾ ചേർന്ന വാക്കുകൾ കണ്ടെത്തൽ, പറയുക എഴുതുക .<br>ചിഹ്നങ്ങൾ കൂട്ടക്ഷരങ്ങൾ ചേർന്ന വാക്കുകൾ കണ്ടെത്തുക പറയുക എഴുതുക<br>ചിത്രങ്ങൾ കണ്ടു പറയുക അക്ഷരമാല പരിചയപ്പെടുക | ജൂൺ ജൂലൈ | അധ്യാപകൻ കുട്ടികൾ |
| വാചനം സംസ്കൃതം തെറ്റ് കൂടാതെ വായിക്കുവാനുള്ള കഴിവ് ആർജിക്കുക | ചേർത്ത് വായിക്കുക പലപ്രാവശ്യം വായിക്കുന്നത് കേൾക്കുക ചിത്രങ്ങളുടെ അടിയിൽ എഴുതിയിരിക്കുന്നത് വായിച്ച ആശയം മനസ്സിലാക്കുന്നു. | ജൂലൈ ഫെബ്രുവരി | അധ്യാപകൻ കുട്ടികൾ |
| സംഭാഷണം സംസ്കൃത വാക്കുകൾ കൂട്ടിച്ചേർത്ത് സംസ്കൃതത്തിൽ പറയുക | ചെറിയ വാക്കുകളുടെ അർത്ഥം മനസ്സിലാക്കി വാചകത്തിൽ ഉൾപ്പെടുത്തുന്നു.സാവധാനം മുഴുവൻ വാക്കുകളും സംസ്കൃതത്തിൽ ഉൾപ്പെടുത്തുക മത്സരവായന പ്രവർത്തനം നടത്തുക | ആഗസ്റ്റ് ഫെബ്രുവരി | അധ്യാപകൻ കുട്ടികൾ |
| സംസ്കൃതത്തിൽ ലേഖനം സ്വന്തമായ ആശയങ്ങൾ ക്രോഡീകരിച്ച് ലഘു വാചകങ്ങൾ തയ്യാറാക്കുക | സ്വന്തം ആശയം കുറിപ്പ് ആക്കുക ചിത്രങ്ങൾ കണ്ട ആശയം എഴുതുക ചിത്രം വരച്ച സംഭാഷണം എഴുതുക ആശംസ കാർഡ് തയ്യാറാക്കൽ | ആഗസ്റ്റ് മാർച്ച് | അധ്യാപകൻ കുട്ടികൾ |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## യു.പി. ഗണിതം

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | സംഖ്യാബോധം | പട്ടിക പ്ലക്കാർഡ് തയ്യാറാക്കൽ പ്ലക്കാർഡ് വർക്ക്ഷോപ്പ് ക്രിയാകേളികൾ ഗണിതവിജയം സാമഗ്രിനിർമ്മാണം | ജൂൺ-ജൂലൈ | അധ്യാപകർ പി.ടി.എ. മാത്സ് ക്ലബ്ബ് ബി.ആർ.സി. | 1000/ | കുട്ടികളിൽ ഗുണനപട്ടിക ഉൾപ്പെടെ ഉണ്ടായ വിടവു പരിഹരിക്കാൻ |
| 2 | സംഖ്യാബോധം | ക്രിയാ ഗവേഷണ ശില്പശാല | ജൂൺ-മാർച്ച് | ഗണിത ക്ലാസ്സ് അധ്യാപകർ പി.ടി.എ. | 5000/ | കൊറോണ കാലഘട്ടത്തിൽ കുട്ടികളിൽ നിന്ന് വിട്ട് പോയ ഗണിതക്രിയകളെ പുനരുജ്ജീവിക്കുക |
| 3 | നിർമ്മിതി | ശില്പശാല ഗണിതലാബ് സജ്ജീകരണം ഉപകരണ നിർമ്മാണം | ആഗസ്റ്റ്-ഒക്ടോബർ | അധ്യാപകർ ഗണിതക്ലാസ്സ് പി.ടി.എ. | 2500/ | ഉപകരണം പരിചയപ്പെടൽ കൈകാര്യം ചെയ്യൽ പ്രയോഗിക്കൽ |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **Meet the Foreigner** തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | **One Man Show** ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | **I Too Can !!** വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Leaning Ladder** പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | **F.M. Corner** വ്യത്യസ്തമായ കഥകൾ **Reader's Theatre** റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Reader of the Month** ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. **Reader of the Month** നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |